

FRIDAY 27/03/2026 വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


**Chief Editor:** SINDHU. K S **Editor:** Dr. V. Krishnadas



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 27/03/2026

1. വാണിജ്യ കൃഷിയിലേക്ക് സജീവമായി വരുന്ന കർഷകർ, കാർഷിക കൂട്ടായ്മകൾ, കാർഷിക ഉത്പാദക സംഘടനകൾ, കാർഷിക സംരംഭകർ, പ്രവർത്തന കയറ്റുമതിക്കാർ, കാർഷിക സ്റ്റാർട്ടപ്പുകൾ എന്നിവർക്ക് വിവിധ കാർഷിക, കാർഷിക അനുബന്ധ പ്രവർത്തനങ്ങൾക്കായി ആവശ്യമായ കൃഷിഭൂമി ലഭ്യമാക്കുവാൻ കഴിഞ്ഞാൽ ആയത് നമ്മുടെ കാർഷിക വികസനത്തിന് വളരെ സഹായകരമാകും. ഈ ലക്ഷ്യം നേടിയെടുക്കുന്നതിനുള്ള ഒരു സുപ്രധാന ചുവടുവയ്പ്പാണ് നവോ-ധൻ (NAWO-DHAN) പദ്ധതി (New Agriculture Wealth Opportunities-Driving Horticulture and Agri-Business Networking). കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയുടെ സാങ്കേതിക കാര്യങ്ങളുടെ നിർവഹണത്തിനായി കേരള അഗ്രോ ബിസിനസ് കമ്പനി കാബ്കോയെ (KABCO) എസ്.പി.വി ആയി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഭൂവുടമകൾ, കർഷക സംരംഭകർ എന്നിവർക്കുള്ള ഓൺലൈൻ ഏകജാലക സംവിധാനവും തുടർ നടപടികളും, ഭൂവുടമകൾ, കർഷകസംരംഭകർ എന്നിവർക്കൊപ്പം കൃഷി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സഹകാരി സേവന ഉടമ്പടി – (KRISHI SAHAKARI SLA) –യിലെ പങ്കാളിത്തം, പരിശോധനയും അംഗീകാരവും KABCOയുടെ മേൽനോട്ടത്തിലാണ്. www.kabco.co.in എന്ന കാബ്കോയുടെ വെബ് സൈറ്റ് മുഖേന നവോ–ധൻ (NAWO–DHAN) പദ്ധതിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ് .

2. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഴവർഗ്ഗ പോഷകത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിനുള്ള കാമ്പയിൻ ആരംഭിക്കുന്നു. 14 ജില്ലകളിലുമായി 4500 പഴവർഗ്ഗ പോഷകത്തോട്ട യൂണിറ്റുകൾ സ്ഥാപിക്കുവാനാണ് ലക്ഷ്യമിടുന്നത്. സംസ്ഥാന കൃഷിവകുപ്പിന്റെ "പോഷക സമൃദ്ധി മിഷന്റെ ഭാഗമായി, ഹോർട്ടിക്കൾച്ചർ മിഷൻ നടപ്പിലാക്കി വരുന്ന "രാഷ്ട്രീയ കൃഷിവികാസ് യോജന പഴവർഗ പോഷകതോട്ട പദ്ധതി"യിൽ ഉൾപ്പെടുത്തിയാണ് ഈ ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്. ഒരു സ്ഥാപനത്തിനു പരമാവധി 5 യൂണിറ്റുകൾ വരെ (50 സെന്റ്) അനുവദിക്കും. മാവ്, പ്ലാവ്, പപ്പായ, പേര, നെല്ലി, സപ്പോട്ട, റംബൂട്ടാൻ പാഷൻ ഫ്രൂട്ട്, നാരകം, വെസ്റ്റ് ഇന്ത്യൻ ചെറി, തുടങ്ങി ഓരോ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പ്രദേശത്തിനും അനുയോജ്യമായ പഴവർഗ ഇനങ്ങൾ പോഷകത്തോട്ടങ്ങളിൽ ഉൾപ്പെടുത്തും. ഇതിനാവശ്യമായി വരുന്ന പഴവർഗ തൈകൾ സൗജന്യമായി വിതരണം ചെയ്യും. കൂടുതൽ വിവരങ്ങൾക്ക് ജില്ലകളിലെ ഹോർട്ടിക്കൾച്ചർ മിഷനുമായോ കൃഷിഭവനുകളുമായോ ബന്ധപ്പെടാവുന്നതാണ്.

## പരിശീലന പരിപാടി

3. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോര് ഇ-ലേണിംഗ്) "Organic Agricultural Management" എന്ന ഓൺലൈന് പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഇംഗ്ലീഷ് ഭാഷയാണ് പഠന മാദ്ധ്യമം. 50% മാർക്കോടുകൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. താല്പര്യമുള്ളവർ www.celkau.in എന്ന വെബ് സൈറ്റിലെ 'ഇ-കൃഷി പാഠശാല' മുഖേന രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. കോഴ്സ് ആരംഭിക്കുന്ന തിയ്യതി: **2026 ഏപ്രിൽ 16.** 2026 മെയ് 16 -ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക്

ff


Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

celkau@gmail.com ലേക്ക് ഇ-മെയിൽ ആയോ 04872438567, 8547837256 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

4. കാർഷിക നിർദേശം

ഔഷധ ഗുണമുള്ള ഭക്ഷ്യയോഗ്യമായ ഒരു കിഴങ്ങു വിളയാണ് കൂവ. ഇതിന്റെ നടീൽ വസ്തു കിഴങ്ങാണ്. രോഗ വിമുക്തമായതും ആരോഗ്യമുള്ളതുമായ കിഴങ്ങ് വിത്തിനായി ശേഖരിക്കണം. മുളയ്ക്കാൻ ശേഷിയുള്ള ഒരു മുകുളമെങ്കിലും ഓരോ കഷണം നടീൽ വസ്തുവിലും ഉണ്ടാകണം. കിളച്ചൊരുക്കിയ സ്ഥലത്ത് 30X15 സെ.മീ അകലത്തിൽ ചെറുകുഴികളെടുത്ത് മുകുളം മുകളിലേക്ക് വരത്തക്ക വിധം കിഴങ്ങ് നടാം. നട്ട് ഏഴുമാസം ആകുന്നതോടെ വിളവെടുക്കാം. ഒപ്പം ചിതൽ ശല്യവും കുറയും.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം